**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 165.

26.09.2016-ൽ മറുപടിയ്ക്ക്

## വനിതാ ഗാർഡ് നിയമനം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കാറ്റഗറി നമ്പർ 240/2010 പ്രകാരം പത്തനംതിട്ട ജില്ലയിലെ എക്സൈസ് വകുപ്പിലെ വനിതാ ഗാർഡ് നിയമനങ്ങൾക്കായി പി.എസ്.സി എന്നാണ് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചത്; എത്ര പേരാണ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത്; മെയിൻ ലിസ്റ്റിൽ എത്ര പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗക്കാരാണ് ഉണ്ടായിരുന്നത് ; വിശദമാക്കുമോ; | (എ) | കാറ്റഗറി നമ്പർ 240/2010 പ്രകാരം പത്തനംതിട്ട ജില്ലയിലെ എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ നിയമനങ്ങൾക്കായി 12.02.2014-ലാണ് പി.എസ്.സി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. പ്രസ്തുത ലിസ്റ്റിൽ ആകെ 132 പേരെ ഉൾപ്പെടുത്തിയിരുന്നു. ( മെയിൻ ലിസ്റ്റിൽ 20 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 112 പേരും) മെയിൻ ലിസ്റ്റിൽ 4 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർ മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| (ബി) | ഇതിൽ എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്; നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കാമോ; ഈ | (ബി) | 18 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.<br>ഈഴവ - 4<br>പട്ടികജാതി - 3<br>മുസ്ലിം - 2 |

| | | | |
|---|---|---|---|
| | ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിച്ചത്; ഇതിന്റെ കാരണം വ്യക്തമാക്കുമോ; | | എൽ.സി - 1<br>ഒ.ബി.സി - 1<br>ഒ.സി -7<br>ആകെ - 18<br><br>പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധി 03.05.2015-ൽ അവസാനിച്ചു. പ്രസ്തുത തസ്തികയുടെ പുതിയ റാങ്ക് പട്ടിക 04.05.2015-ൽ നിലവിൽ വന്നതിനെ തുടർന്ന് പഴയ റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുകയായിരുന്നു. |
| (സി) | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കും നിയമനം ലഭിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ; | (സി) | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയുടെ ഊഴം ആകാത്തതുകൊണ്ടാണ് ടി വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം ലഭിക്കാതിരുന്നത്. |
| (ഡി) | സാധാരണഗതിയിൽ പി.എസ്.സി പ്രസിദ്ധീകരിക്കുന്ന ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്ര നാളാണെന്ന് വ്യക്തമാക്കുമോ; | (ഡി) | പി.എസ്.സി പ്രസിദ്ധീകരിക്കുന്ന ഒരു റാങ്ക് ലിസ്റ്റിന്റെ ഏറ്റവും കുറഞ്ഞ കാലാവധി ഒരു വർഷം. പുതിയ റാങ്ക് പട്ടിക നിലവിൽ വരുന്നപക്ഷം പഴയ റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതാണ്. |
| (ഇ) | കാറ്റഗറി നമ്പർ 240/2010 പ്രകാരമുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് ഒരു വർഷം പോലും കഴിയുന്നതിനു മുൻപ് | (ഇ) | 240/2010 കാറ്റഗറി പ്രകാരമുള്ള റാങ്ക് പട്ടിക നിലവിൽ വന്നത് 12.02.2014-നാണ്. ഒരു വർഷത്തിന് ശേഷം 04.05.2015-നാണ് പുതിയ റാങ്ക് പട്ടിക നിലവിൽ വന്നത്. |

| | |
|---|---|
| അതേ തസ്തികയിൽ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | |
| (എഫ്) പുതുതായി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയുണ്ടായോ; എങ്കിൽ എത്ര പേർക്ക് നിയമനം ലഭിച്ചു; നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കാമോ; | (എഫ്) പുതുതായി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും 15 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.<br>ഈഴവ - 6<br>മുസ്ലീം - 1<br>വിശ്വകർമ്മ - 1<br>എൽ.സി - 2<br>പട്ടികജാതി - 1<br>ഒ.സി - 4<br>ആകെ - 15 |
| (ജി) ആദ്യ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ പട്ടിക വിഭാഗക്കാരുൾപ്പെടെയുള്ള വർക്ക് സ്വാഭാവിക നീതി നിഷേധിച്ച് ജോലി നൽകാതിരുന്ന ഈ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ക്രമ വിരുദ്ധമായി | (ജി) പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരുടെ നിയമാനുസൃതമുള്ള ഊഴം വരാത്തതിനാലാണ് ആദ്യ റാങ്ക് പട്ടികയിൽ നിന്നും ടി വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാതിരുന്നത്. ക്രമവിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

ഉദ്യോഗാർത്ഥികളുടെ
ജോലി അവസരം
നിഷേധിച്ച
നടപടിയെപ്പറ്റി
അന്വേഷിച്ച്
കുറ്റക്കാർക്കെതിരെ നടപടി
സ്വീകരിക്കുമോ;
അർഹതയുണ്ടായിട്ടും
നിയമനം ലഭിക്കാതെ
പോയവർക്ക്
സർക്കാരിന്റെ പ്രത്യേക
അധികാരം ഉപയോഗിച്ച്
ജോലി നൽകാൻ നടപടി
സ്വീകരിക്കുമോ?

സെക്ഷൻ ഓഫീസർ.